**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5651 — 18.11.2019 ൽ മറുപടിക്ക്

## സഞ്ചരിക്കുന്ന നേത്രരോഗ പരിശോധന യൂണിറ്റ്

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിന് കീഴിൽ സഞ്ചരിക്കുന്ന നേത്രരോഗ പരിശോധന യൂണിറ്റ് വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ)<br>&<br>(ബി) | ഉണ്ട്. ജില്ലകളിലെ മൊബൈൽ യൂണിറ്റുകൾക്കായി ഉപയോഗിച്ചിരുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാൽ മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകൾക്കായി 2018-19 സാമ്പത്തിക വർഷം 7 വാഹനങ്ങൾ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകൾക്കായി വാങ്ങി നൽകുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഭരണാനുമതിയും, തുകയും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ കേരളാമെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങി ദേശീയ അന്ധത കാഴ്ച വൈകല്യ നിയന്ത്രണ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകളാക്കി സജ്ജീകരിക്കുന്നതിനുള്ള ടെന്റർ നടപടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തി വരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം 7 വാഹനങ്ങൾ കൂടി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ 7 ജില്ലകൾക്കായി വാങ്ങുന്നതിനുള്ള അനുമതി നാഷണൽ ഹെൽത്ത് മിഷൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. ആയത് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി ആവശ്യമായ മാറ്റങ്ങൾ വരുത്തിയതിനുശേഷം 2019 ഡിസംബറോടുകൂടി ജില്ലകൾക്ക് കൈമാറ്റം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നിലവിൽ പ്രസ്തുത വാഹന യൂണിറ്റുകൾ പ്രവർത്തനസജ്ജമാണോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | | |
| (സി) | ഏറെ തുക ചെലവഴിച്ച് വാങ്ങിയ പ്രസ്തുത വാഹനങ്ങൾ ഉപയോഗശൂന്യമായത് ഗുരുതരമായ വീഴ്ചയായി കണക്കിലെടുത്ത് ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം | (സി) | മൊബൈൽ നേത്രപരിശോധനയ്ക്കായി വാങ്ങിയ പ്രസ്തുത വാഹനങ്ങൾ ഉപയോഗയോഗ്യമാണ്. പ്രസ്തുത വാഹനങ്ങൾ ദേശീയ അന്ധത കാഴ്ച വൈകല്യ നിയന്ത്രണ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് |

| | | | |
|---|---|---|---|
| | നടത്താമോ; | | അനുസരിച്ച് പരിവർത്തനം ചെയ്ത് മൊബൈൽ യൂണിറ്റുകളാക്കി മാറ്റുന്നതിനുള്ള സാങ്കേതിക കാരണങ്ങളാണ് കാലതാമസം നേരിടുന്നത്. പ്രസ്തുത മാറ്റങ്ങൾ വരുത്തുന്നത് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരമാണ്. ഒരു മാസത്തിനുള്ളിൽ മാറ്റം വരുത്തിയ വാഹനങ്ങൾ ബന്ധപ്പെട്ട ജില്ലകൾക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | നേത്രരോഗ നിർണ്ണയത്തിന് വാങ്ങിയ വാഹനത്തെ ഉപയോഗപ്രദമായ മറ്റു പദ്ധതികൾക്കായി ഉപയോഗിക്കാമോ; വിശദമാക്കാമോ? | (ഡി) | നേത്രരോഗ നിർണ്ണയത്തിന് വാങ്ങിയ വാഹനത്തെ മറ്റു പദ്ധതികൾക്കായി ഉപയോഗിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല. പ്രസ്തുത വാഹനങ്ങൾ നേത്രരോഗ നിർണ്ണയ യൂണിറ്റുകളായി തന്നെ ഉപയോഗിക്കാവുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ